പത്രക്കുറിപ്പ് 12.07.2024

**ജെൻ എഐ കോൺക്ലേവ്; സമഗ്ര എഐ നയം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ**

**കൊച്ചി:** സംസ്ഥാനത്തിന്റെ വ്യവസായനയത്തിൽ നിർമ്മിത ബുദ്ധി മുൻഗണനാവിഷയമാക്കി സംസ്ഥാന സർക്കാർ സമഗ്ര എ ഐ നയം പ്രഖ്യാപിച്ചു. കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിച്ച ജെനറേറ്റീവ് എ ഐ കോൺക്ലേവിന്റെ സമാപനസമ്മേളനത്തിൽ വ്യവസായ-നിയമ-കയർ മന്ത്രി പി രാജീവ് നയപ്രഖ്യാപനം നടത്തി.

ജെൻ എഐ കോൺക്ലേവ് കേരളപ്രഖ്യാപനത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ പറയുന്നു.

**1. എഐ നയം**

- സംസ്ഥാനത്തിന്റെ വ്യവസായ നയത്തിൽ എഐ മുൻഗണനാ വിഷയമാകും. ഇതിന്റെ ഭാഗമായി പ്രത്യേക ഈ സാമ്പത്തിക വർഷം തന്നെ എ ഐ നയം സംസ്ഥാന സർക്കാർ പ്രഖ്യാപിക്കും. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കുള്ള മാനദണ്ഡങ്ങൾ പാലിച്ചാകും എ ഐ നയപ്രഖ്യാപനം
- എഐ ആവാസവ്യവസ്ഥ മുന്നിൽ കണ്ടു കൊണ്ട് അടിസ്ഥാന സൗകര്യം വികസിപ്പിക്കും

**2. എഐ ക്ലസ്റ്റർ**

- പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ എ ഐ ക്ലസ്റ്റർ വ്യവസായപാർക്ക് സ്ഥാപിക്കും.
- ഗ്രാഫിക്സ് പ്രൊസസിംഗ് സെന്ററുകൾ, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇവിടെയുണ്ടാകും.
- പ്ലഗ് ആൻഡ് പ്ലേ സംവിധാനമുള്ള ഇൻകുബേഷൻ സംവിധാനവും നിക്ഷേപകരുടെ സഹായത്തോടെ സ്ഥാപിക്കും

**3. എഐ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ നയം**

- എഐ മേഖലയിലെ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി പങ്കാളിത്ത മൂലധനത്തിന് സാമ്പത്തിക സഹായം സർക്കാർ നൽകും.
- 10 കോടി രൂപ കുറഞ്ഞ മൂലധനമുള്ള എ ഐ സംരംഭങ്ങൾക്ക് കെഎസ്ഐഡിസി പങ്കാളിത്ത മൂലധന നിക്ഷേപമെന്ന നിലയിൽ അഞ്ച് കോടി രൂപ നൽകും
- ഇതിനു പുറമെ വ്യവസായ നയത്തിന്റെ ഭാഗമായി ഒരു കോടി രൂപ സ്കെയിലപ് ഗ്രാന്റും ലഭ്യമാക്കും.
- നിലവിലുള്ള എംഎസ്എംഇ കൾ എ ഐ സാങ്കേതികവിദ്യ ഏർപ്പെടുത്തുകയാണെങ്കിലും മേൽപ്പറഞ്ഞ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

**4. എഐ അധിഷ്ഠിതമായ ടെക്നോളജി സംഘങ്ങൾ രൂപീകരിക്കും**

KSIDC Invest Kerala NATURE. PEOPLE. INDUSTRY.

- എ ഐ സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, സർക്കാർ ഏജൻസികൾ എന്നിവയെ കൂട്ടിയിണക്കി ടെക്നോളജി സംഘങ്ങൾക്ക് രൂപം നൽകും.
- മറൈൻ ജീനോം സീക്വൻസിംഗ്, ടൂറിസം, ആരോഗ്യം, ഐടി-ഐടി അനുബന്ധ മേഖലകൾ എ ഐ അധിഷ്ഠിതമാക്കും. ഇതും ടെക്നോളജി സംഘങ്ങളുടെ പരിധിയിൽ വരുന്നതാണ്.

**5. പൊതുഭരണത്തിൽ എഐ**

- സംസ്ഥാന സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും പദ്ധതികളിലും നിർവഹണത്തിലും എ ഐ ഉപയോഗം വ്യാപകമാക്കും.
- ഇതിന്റെ ഭാഗമായി മിഷൻ 1000 ലുള്ള കമ്പനികളെ എ ഐ സാങ്കേതികവിദ്യ ഉപയോഗിക്കാൻ പ്രേരിപ്പിക്കും. ഇതിനു പുറമെ മിഷൻ 1000 ന്റെ ഡാറ്റാബേസ് എ ഐ ഉപയോഗിച്ച് വിശകലനം ചെയ്യും
- അപേക്ഷാ ഫോമുകൾ, നിക്ഷേപ സംശയനിവാരണം, വിവിധ ഏജൻസികളുടെ അനുമതികൾ എന്നിവയുടെ ഓൺലൈൻ സംവിധാനത്തിൽ എ ഐ ടൂളുകൾ സംയോജിപ്പിക്കും.

**6. എഐ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തും**

- വ്യവസായ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് എ ഐയിൽ നൈപുണ്യ പരിശീലനം നൽകും. അസാപ്, ഡിജിറ്റൽ സർവകലാശാല, കെടിയു, കുസാറ്റ് എന്നിവയുടെ സഹകരണത്തോടെയാണിത്.
- ഐ കമ്പനികളിലേക്ക് മാത്രമായി നിക്ഷേപം ക്ഷണിച്ചു കൊണ്ട് ജനുവരിയിൽ നടക്കുന്ന നിർദ്ദിഷ്ട ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിൽ പ്രത്യേക സെഷൻ നടത്തും.
- ഐ മേഖലയിലേക്ക് നിക്ഷേപം ക്ഷണിച്ചു കൊണ്ട് പ്രത്യേക പ്രചാരണ പരിപാടികൾ നടത്തും

**7. ഐബിഎമ്മുമായുള്ള സഹകരണം വ്യാപിപ്പിക്കും**

- സ്റ്റാർട്ടപ്പുകൾ, അധ്യാപകസമൂഹം എന്നിവർക്കിടയിൽ എ ഐ പരിശീലന പരിപാടികൾ ഐബിഎമ്മുമായി ചേർന്ന് നടത്തും. ഐബിഎമ്മിന്റെ എ ഐ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ സംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവരെ പങ്കെടുപ്പിക്കാനും ശ്രമം നടത്തും.